# മദ്യപാനം—*നിങ്ങൾ* എന്തു ചെയ്യും?



## 1

നിങ്ങൾ ഒരു പാർട്ടിക്കു പോകുന്നു. മദ്യപിക്കരുതാത്ത ചിലർ അവിടെ മദ്യപിക്കുന്നതു നിങ്ങൾ കാണുന്നു.

**നിങ്ങൾ എന്തു ചെയ്യും?**

## ഒരു നിമിഷം ചിന്തിക്കൂ!

ബൈബിൾ പറയുന്നു: **“വിവേകമുള്ളവൻ ആപത്തു കണ്ട് ഒളിക്കുന്നു; എന്നാൽ അനുഭവജ്ഞാനമില്ലാത്തവൻ നേരെ അതിൽ ചെന്ന് ചാടി ഭവിഷ്യത്തുകൾ അനുഭവിക്കുന്നു.”—സുഭാഷിതങ്ങൾ 22:3.**

### ഇതു മനസ്സിൽപ്പിടിച്ചുകൊണ്ട് പിൻവരുന്ന ചോദ്യങ്ങൾക്ക് ഉത്തരം നൽകുക.

ഇനിയും ഇവിടെ നിന്നാൽ എന്തു സംഭവിച്ചേക്കാം?

_______________

_______________

സംഭവം ഒരു വിഷയമാക്കാതെയും കളിയാക്കൽ വിളിച്ചുവരുത്താതെയും നിങ്ങൾക്ക് എങ്ങനെ രംഗം വിടാം?

_______________

_______________

_______________

സംഭവിക്കാവുന്നതിൽവെച്ച് *ഏറ്റവും മോശമായ* കാര്യമാണോ നിങ്ങളെ കളിയാക്കും എന്നത്?

_______________

_______________



### ചെയ്യാനാകുന്നത്

പാർട്ടിക്ക് ഇടയ്ക്ക് പോരേണ്ട ഒരു സാഹചര്യം വന്നാൽ ഫോൺ വിളിക്കുമെന്നോ മെസേജ് അയയ്ക്കുമെന്നോ മാതാപിതാക്കളോട് നേരത്തേ പറഞ്ഞുവെക്കുക.

മദ്യം അമിതമായി ഉപയോഗിക്കുന്ന ആളുകളുള്ള ഒരു പാർട്ടിയാണെങ്കിൽ ഞാൻ എന്തു ചെയ്യും?

_______________

_______________

_______________

_______________



www.jw.org © 2016 Watch Tower Bible and Tract Society of Pennsylvania



# 2

മദ്യപിക്കാൻ ആരെങ്കിലും നിങ്ങളെ നിർബന്ധിക്കുന്നു.

## നിങ്ങൾ എന്തു ചെയ്യും?

**ഒരു നിമിഷം ചിന്തിക്കൂ!**

ബൈബിൾ പറയുന്നു: ‘ഒരു വ്യക്തിയെ അനുസരിക്കുന്നതുകൊണ്ട്‌ നിങ്ങൾ അയാളുടെ അടിമയാണ്‌.’—റോമർ 6:16.

### ഇതു മനസ്സിൽപ്പിടിച്ചുകൊണ്ട്‌ പിൻവരുന്ന ചോദ്യങ്ങൾക്ക്‌ ഉത്തരം നൽകുക.

നിങ്ങൾ ഉറപ്പിച്ചുപറയുന്നില്ലെങ്കിൽ എന്തു സംഭവിച്ചേക്കാം?

______________________________

______________________________

കൂട്ടുകാരിൽനിന്നുള്ള സമ്മർദം ചെറുക്കാൻ ആത്മവിശ്വാസം സഹായിക്കുന്നത്‌ എങ്ങനെ?

______________________________

______________________________

______________________________

### ചെയ്യാനാകുന്നത്‌

എന്തു പറയണമെന്നു നേരത്തെ തീരുമാനിച്ചുവെക്കുക. “എന്റെ സ്ഥിരം വാചകം ഇതാണ്‌: ‘വേണ്ടാ, ഇപ്പോൾ വേണ്ടാ.’ പിന്നെ അവർ അങ്ങ്‌ പൊയ്‌ക്കൊള്ളും, എന്നെ നിർബന്ധിക്കാറുമില്ല.”—ബ്രയന്ന.

മദ്യപിക്കാൻ ആരെങ്കിലും എന്നെ നിർബന്ധിച്ചാൽ ഞാൻ എന്തു പറയും?

______________________________

______________________________

______________________________



www.jw.org © 2016 Watch Tower Bible and Tract Society of Pennsylvania

# 3

നിങ്ങൾ കൂട്ടുകാരുടെകൂടെ പുറത്തുപോയി. എന്നാൽ നിങ്ങളുടെ ഡ്രൈവർ മദ്യപിച്ചിരിക്കുന്നു എന്നു മനസ്സിലാക്കുന്നു.

## നിങ്ങൾ എന്തു ചെയ്യും?



**ഒരു നിമിഷം ചിന്തിക്കൂ!**

ബൈബിൾ പറയുന്നു: **“ജ്ഞാനികളുടെകൂടെ നടക്കുന്നവൻ ജ്ഞാനിയാകും; എന്നാൽ വിഡ്ഢികളോടു കൂട്ടുകൂടുന്നവൻ ദുഃഖിക്കേണ്ടിവരും.” —സുഭാഷിതങ്ങൾ 13:20.**



## ഇതു മനസ്സിൽപ്പിടിച്ചുകൊണ്ട് പിൻവരുന്ന ചോദ്യങ്ങൾക്ക് ഉത്തരം നൽകുക.

മദ്യപിച്ച ഡ്രൈവർ ഓടിക്കുന്ന ആ വണ്ടിയിൽ കയറി നിങ്ങൾ വീട്ടിലേക്കു പോയാൽ എന്തു സംഭവിച്ചേക്കാം?

_______________

_______________

മറ്റെന്താണ് നിങ്ങൾക്കു ചെയ്യാനാകുന്നത്?

_______________

_______________

_______________

നിങ്ങളുടെ തീരുമാനം ഡ്രൈവറെയും മറ്റുള്ളവരെയും എങ്ങനെ സഹായിക്കും?

_______________

_______________

## ചെയ്യാനാകുന്നത്

സത്പേരില്ലാത്ത ഒരു ഡ്രൈവർ ഓടിക്കുന്ന വണ്ടിയിൽ കയറുന്ന സാഹചര്യങ്ങൾ ഒഴിവാക്കുക. തിരിച്ചുവരാൻവേണ്ടി മറ്റൊരു യാത്രാസൗകര്യം മുന്നമേ മനസ്സിൽ കാണുക.

കയറാൻപോകുന്ന വാഹനത്തിന്റെ ഡ്രൈവർ മദ്യപിച്ചിട്ടുണ്ടെങ്കിൽ ഞാൻ എന്തു ചെയ്യും?

_______________

_______________

_______________



www.jw.org © 2016 Watch Tower Bible and Tract Society of Pennsylvania